ഡോ. അസീസ തരുവണ

# രാമൻ സീതയ്ക്കെപ്പടി

'രാമയണം മുഴുവൻ വായിച്ചിട്ടും സീത രാമന്റെ ആരാണെന്ന് അറിയില്ല' എന്നൊരു പ്രയോഗമുണ്ട്. 'എല്ലാം അറിയാവുന്ന വ്യക്തി' എന്ന് കരുതപ്പെടുന്നയാൾ അടിസ്ഥാനപരമായ ചില കാര്യങ്ങളെക്കുറിച്ച് 'മണ്ടൻ' സംശയങ്ങൾ ഉന്നയിക്കുമ്പോഴാണ് സാധാരണ ഈ പ്രയോഗം നടത്താറുള്ളത്. 'രാമൻ സീതക്കെപ്പെടി' എന്ന തമിഴ് പ്രയോഗവും സമാനാശയമാണ് പങ്കുവെക്കുന്നത്. ഈ രണ്ട് സന്ദേഹങ്ങളും എതെങ്കിലും മണ്ടന്റെ ചോദ്യമാവാൻ തരമില്ല. ഒരുപക്ഷേ പ്രഗത്ഭനായ ഒരു രാമായണ പണ്ഡിതന്റെയോ ഗവേഷകന്റെയോ ചോദ്യമാവാനാണ് സാധ്യത. കാരണം ഏഷ്യൻ രാജ്യങ്ങളിലെ വ്യത്യസ്ത പ്രദേശങ്ങളിലെ ഭിന്ന ജാതി മതസ്ഥർക്കിടയിൽ നിലനിൽക്കുന്ന അസംഖ്യം വാമൊഴി – വരമൊഴി രാമായണ പാഠങ്ങളിലൂടെ കടന്നു പോകുന്ന ഒരാൾക്ക് നിശ്ചയമായും ഉണ്ടാകാവുന്ന സന്ദേഹങ്ങൾ മാത്രമാണിവ.



ഒരുപക്ഷെ, സീതയോളം ഭിന്നപാഠങ്ങൾ ഉൽപാദിപ്പിച്ച സ്ത്രീ കഥാപാത്രങ്ങൾ മറ്റൊരു ഇതിഹാസത്തിലും സാഹിത്യ രൂപങ്ങളിലും ഇല്ലാതിരിക്കാനാണ് സാധ്യത. ലിഖിത രാമായണങ്ങളിൽ മാത്രമല്ല, വാമൊഴി സാഹിത്യത്തിലും കലാരൂപങ്ങളിലും സീതയ്ക്കുണ്ടായിട്ടുള്ള പാഠങ്ങളും പാഠാന്തരങ്ങളും അസംഖ്യമാണ്. ഈ ഓരോ പാഠങ്ങളും സമൂഹത്തിൽ വ്യത്യസ്ത ദൗത്യവും കാഴ്ചപ്പാടുകളുമാണ് സൃഷ്ടിക്കുന്നത്. സീതയെക്കുറിച്ച് കവികൾക്ക് പലപല കഥകൾ (ഒരേ പാഠത്തിന് ഭിന്ന വ്യാഖ്യാനങ്ങൾ അടക്കം) പറയുവാനുണ്ട് എന്ന് ആദ്യം തിരിച്ചറിഞ്ഞത് സീതതന്നെയായിരിക്കണം എന്ന സൂചന എഴുത്തച്ഛന്റെ അധ്യാത്മരാമായണം അയോദ്ധ്യാ കാണ്ഡത്തിൽ കാണാം. രംഗം ഇതാണ്: സീത രാമനോടൊത്ത് വനവാസത്തിന് പോകണമെന്ന് നിർബന്ധം പിടിക്കുകയാണ്. വനത്തിൽ

ഒരുപക്ഷെ, സീതയോളം ഭിന്നപാഠങ്ങൾ ഉദ്പാദിപ്പിച്ച സ്ത്രീ കഥാപാത്രങ്ങൾ മറ്റൊരു ഇതിഹാസത്തിലും സാഹിത്യ രൂപങ്ങളിലും ഇല്ലാതിരിക്കാനാണ് സാധ്യത. ലിഖിത രാമായണങ്ങളിൽ മാത്രമല്ല, വാമൊഴി സാഹിത്യത്തിലും കലാരൂപങ്ങളിലും സീതയ്ക്കുണ്ടായ പാഠങ്ങളും പാഠാന്തരങ്ങളും അസംഖ്യമാണ്. ഈ ഓരോ പാഠങ്ങളും സമൂഹത്തിൽ വ്യത്യസ്ത ദൗത്യവും കാഴ്ചപ്പാടുകളുമാണ് സൃഷ്ടിക്കുന്നത്

ദീർഘകാലം വസിക്കുമ്പോഴുണ്ടാകുന്ന ബുദ്ധിമുട്ടുകളൊന്നും സീതയെ പിന്തിരിപ്പിക്കുന്നില്ല. ഒടുവിൽ സീത ഇങ്ങനെ വാദിക്കുന്നു: "പല കവികൾ രചിച്ച രാമായണങ്ങൾ ഞാൻ കേട്ടിട്ടുണ്ട്. രാമൻ എപ്പോഴെങ്കിലും സീതയെ കൂടാതെ വനവാസത്തിന് പോയിട്ടുണ്ടോ?" ("രാമായണങ്ങൾ പലവും കവിവര / രാമോദമോടു പറഞ്ഞു കേൾപ്പുണ്ടു ഞാൻ / ജാനകിയെ കൂടാതെ രഘുവരൻ / കാനനവാസത്തിനെന്നു പോയിട്ടുള്ളൂ?") കവികൾ പാടിപ്പതിഞ്ഞ രൂപത്തിൽ നിന്നും കഥ വഴിമാറിപോകുന്നുവോ എന്ന് ഒരു പാഠ സന്ദർഭത്തിൽ കഥാപാത്രം തന്നെ കുണ്ഠിതപ്പെടുന്ന ഇത്തരമൊരു മുഹൂർത്തം മറ്റൊരു സാഹിത്യ കൃതിയിലും കാണപ്പെടുമെന്ന് തോന്നുന്നില്ല. കഥയ്ക്കും കഥാകാരനുമിടയിലെ അസ്തിത്വഭേദങ്ങൾ ഇവിടെ മാറ്റിമറിക്കപ്പെടുകയാണ്.

അനേകം രാമായണങ്ങൾ എന്നപോലെ അനേകം രാമന്മാരും സീതമാരുമുണ്ട്. എന്നല്ല, രാമൻ, സീത എന്നീ കഥാപാത്രങ്ങൾ വ്യത്യസ്ത ചമയങ്ങളിലും ചായക്കൂട്ടുകളിലും അവതാരപ്പെടുകയാണ്. ഇവയുടെ ആവിഷ്ക്കാരമാണ് വ്യത്യസ്ത രാമായണങ്ങൾ പങ്കുവെക്കുന്നത്. *ത്രീ ഹൺഡ്രഡ് രാമായണാസ്: ഫൈവ് എക്സാംപിൾസ് ആൻഡ് ത്രീ തോട്സ് ഓൺ ട്രാൻസ്ലേഷൻസ്* എന്ന ഉപന്യാസത്തിൽ എ കെ രാമാനുജൻ ഒരു നാടോടിക്കഥ ഉദ്ധരിക്കുന്നുണ്ട്. ശ്രീരാമന്റെ നഷ്ടപ്പെട്ടുപോയ മോതിരം തേടി ഹനുമാൻ പാതാളത്തിലെത്തിയതാണ് കഥാസന്ദർഭം. പാതാളാധിപനും പ്രേതാത്മാക്കളുടെ രാജാവും ചേർന്ന് ഒരു താലത്തിൽ അനേകം മോതിരങ്ങൾ ഹനുമാന് മുമ്പിൽ വെക്കുന്നു. അവയെല്ലാം രാമന്റേതായിരുന്നു. ഏതു തിരഞ്ഞെടുക്കും? ഹനുമാൻ ആകെ കുഴങ്ങി. അപ്പോൾ പ്രേതാത്മാക്കളുടെ രാജാവ് ഇങ്ങനെ പറഞ്ഞു: 'എത്ര രാമന്മാരുണ്ടോ അത്രയും മോതിരങ്ങളും ഇതിലുണ്ട്. രാമന്റെ ഒരവതാരം പൂർത്തിയാകുമ്പോൾ അദ്ദേഹത്തിന്റെ മോതിരം ഊരിപ്പോകും. ഞാനവയെല്ലാം ശേഖരിച്ചു സൂക്ഷിക്കുകയായിരുന്നു''. തന്റെ രാമന്റെ മോതിരം തെരഞ്ഞെടുത്തുകൊള്ളാൻ ഹനുമാനോട് പ്രേതാത്മാവ് ആവശ്യപ്പെട്ടു.

രാമന്റെ മോതിരങ്ങൾ പോലെ അനേകം രാമകഥകൾ (ഒരേ കഥയുടെ ഭിന്നപാഠങ്ങൾ) നിലവിലുണ്ട്. രാമനെക്കുറിച്ചുള്ള ഭിന്ന പാഠങ്ങൾ എന്നപോലെ സീതയെക്കുറിച്ചുമുണ്ട്. 'രാമായണ'ങ്ങൾ പോലെ 'സീതായന'ങ്ങളുമുണ്ട്. രാമായണ സാഹിത്യമെന്നത് ഈ പാഠങ്ങളെല്ലാം ചേരുന്നതാണ്. ഈ ബഹുസ്വരത രാമായണത്തിന്റെ പരിമിതിയല്ല, അനന്ത സാധ്യതയാണ് വിളിച്ചോതുന്നത്. രാമനെ സവിശേഷ വിശകലനത്തിന് വിധേയമാക്കുന്ന നിരവധി കൃതികൾ ഉണ്ടായിട്ടുണ്ട്. എന്നാൽ സീതയെ മാത്രം സവിശേഷ പഠനത്തിന് വിധേയമാക്കുന്ന പഠനങ്ങൾ അത്രയൊന്നും ഉണ്ടായിട്ടില്ല. മേരീവിജ്ഞാനിയം (മെരിറ്റോളജി) എന്നപോലെ 'സീതറ്റോളജി' എന്ന പഠനശാഖയോ, പരികൽപ്പനപോലുമോ എന്തുകൊണ്ട് രൂപപ്പെട്ടില്ല?

സീത ആധ്യാത്മികതയുടെ മണ്ഡലത്തിലെ ഒരാരാധ്യ മൂർത്തിയായി മാത്രമല്ല ഇന്ത്യൻ മനസ്സിൽ നിലകൊള്ളുന്നത്. മുഖ്യധാരയിൽ ഇടം കിട്ടാതെപോയ ചിലപാഠങ്ങളിൽ സ്ത്രീവാദിയായ സീതയെ കാണാം. ദലിതുകളുമായി ഇഴകി

രാമനെ സവിശേഷ വിശകലനത്തിന് വിധേയമാക്കുന്ന നിരവധി കൃതികൾ ഉണ്ടായിട്ടുണ്ട്. എന്നാൽ സീതയെ മാത്രം സവിശേഷ പഠനത്തിന് വിധേയമാക്കുന്ന പഠനങ്ങൾ അത്രയൊന്നും ഉണ്ടായിട്ടില്ല. മേരീവിജ്ഞാനിയം (മെരിറ്റോളജി) എന്നപോലെ 'സീതറ്റോളജി' എന്ന പഠനശാഖയോ, പരികൽപ്പനപോലുമോ എന്തുകൊണ്ട് രൂപപ്പെട്ടില്ല?

ചേർന്ന, അവരിൽ ഒരുവളായി തീർന്ന സീതയെപ്പറ്റിയുള്ള ആവിഷ്ക്കാരങ്ങളും കണ്ടുകിട്ടിയിട്ടുണ്ട്. പതിനാറാം നൂറ്റാണ്ടിൽ കിഴക്കൻ ബംഗാളിലെ മൈമൻസിംഗ് ദേശത്ത് ജീവിച്ച ചന്ദ്രബതി രചിച്ച 'ചന്ദ്രബതി രാമായണ'ത്തിലെ സീത, അവഗണിക്കപ്പെടുകയും ഓരംതള്ളിനിർത്തപ്പെടുകയും ചെയ്യപ്പെടുന്ന സ്ത്രീ വർഗ്ഗത്തിന്റെ പ്രതീകമാണ്. ചന്ദ്രബതി രാമായണത്തിൽ ഒരിടത്ത് സീത ഇങ്ങനെ പൊട്ടിത്തെറിക്കുന്നു; "ദശലക്ഷക്കണക്കിന് സ്ത്രീകളുടെ വിലാപങ്ങൾ ഞാൻ കേട്ടിട്ടുണ്ട്. ഭർത്താക്കന്മാരും മക്കളും നഷ്ടപ്പെട്ട ദശലക്ഷകണക്കിന് പെണ്ണുങ്ങളുടെ വിലാപങ്ങൾ" എന്ന്.

ഏറ്റവും രസകരമായ വസ്തുത; സീതയുടെ ജീവിതത്തിലെ ഓരോ സംഭവവും തീർപ്പുകൽപ്പിക്കാനാവാത്തവിധം വിരുദ്ധ പാഠങ്ങളാൽ ബഹുസ്വരവും സമ്പന്നമാണെന്നതാണ്. സീതയുടെ ജനനം, വളർച്ച, വിവാഹം തുടങ്ങി ജീവിതത്തിലെ ഓരോ ഘട്ടവും ഭിന്നരൂപത്തിലാണ് വാമൊഴി, വരമൊഴി രാമായണങ്ങൾ ആവിഷ്ക്കരിപ്പിക്കുന്നത്. ഉദാഹരണമായി, സീതയുടെ ജനനത്തെക്കുറിച്ചുള്ള ഭിന്നമതങ്ങളിൽ ചിലത് കാണുക;

വാല്മീകി രാമായണമനുസരിച്ച്, ഒരു ദിവസം ജനക മഹാരാജാവ് യാഗഭൂമി തയ്യാറാക്കുന്നതിനുവേണ്ടി നിലം ഉഴുതുകൊണ്ടിരുന്നപ്പോൾ ഒരു ചെറിയ പെൺകുട്ടിയെ





കലപ്പച്ചാലിൽനിന്ന് കിട്ടി. അദ്ദേഹം അവളെ പുത്രിയായി സ്വീകരിച്ചു. സീതയെന്നു പേരിട്ടു. ഈ കഥാതന്തു പല രാമായണങ്ങളിലും ചെറിയ വ്യത്യാസങ്ങളോടെ ആവർത്തിക്കുന്നുണ്ട്. ജനകമഹാരാജാവ് യാഗം നടത്തിയത് ഒരു പുത്രനുവേണ്ടിയായിരുന്നുവെന്നും എന്നാൽ പുത്രിയെയാണ് കിട്ടിയതെന്നും വിഷ്ണു പുരാണംപറയുന്നു.

കുഞ്ഞുസീത എങ്ങനെ കലപ്പച്ചാലിൽ എത്തിപ്പെട്ടു എന്ന ചോദ്യം പ്രസക്തമാണ്. ഈ ചോദ്യത്തിനുള്ള ഉത്തരമാണ് മറ്റുചില രാമായണപാഠങ്ങൾ. മാധവകന്ദളീകൃതമായ അസ്സാമിയാ രാമായണത്തിൽ സീതയുടെ ജനനം ഇങ്ങനെയാണ്: ജനകമഹാരാജാവിന് സന്താനങ്ങളൊന്നുമില്ലായിരുന്നു. അങ്ങനെ ദുഃഖിതനായിരിക്കുമ്പോൾ ഒരുദിവസം ആകാശത്തിൽ അപസ്‌രസുന്ദരി ഉർവശിയെ കാണാനിടയായി. ജനകൻ ഉർവശിയിൽ കാമമോഹിതനായി. കാമത്തിന്റെ പരകോടിയിൽ അദ്ദേഹത്തിന്റെ വീര്യം ഭൂമിയിൽ പതിച്ചു. അങ്ങനെ ഭൂമി ഗർഭിണിയായി. കാലങ്ങൾക്കു ശേഷം ജനകൻ ഉഴുതുകൊണ്ടിരുന്നപ്പോൾ ഒരു

**രാവണന്റെ പരസ്ത്രീകളുമായുള്ള ബന്ധം മണ്ഡോദരിയെ മാനസികമായി തകർത്തു, ഒരു ദിവസം മനോവിഷമം താങ്ങാനാവാതെ ആത്മാഹുതിക്ക് ശ്രമിച്ചു. അതിനായി വിഷമെന്നോണം മണ്ഡോദരി എടുത്തു കുടിച്ചത്, പാലും രക്തവും കലർന്ന ആപാനീയമായിരുന്നു. എന്നാൽ മണ്ഡോദരി മരിച്ചില്ല; പകരം ഗർഭിണിയാവുകയാണുണ്ടായത്! അങ്ങനെ ജനിച്ചവളാണ് സീത**

ഭ്രൂണം ലഭിക്കുകയും അതിൽ നിന്നു സീത ജനിക്കുകയും ചെയ്തു. ഈ കഥയനുസരിച്ച് സീത ജനകമഹാരാജാവിന്റെ മകളാണ്.

ഇന്ത്യയ്ക്ക് വെളിയിൽ രാമകഥ പ്രചാരത്തിലുള്ള ടിബറ്റ്, ഇൻഡോനേഷ്യ, സയാം, കിഴക്കെ തുർക്കിസ്ഥാൻ (ഖൊത്താൻ) തുടങ്ങിയ രാജ്യങ്ങളിലെ കഥകൾ അനുസരിച്ച് സീത രാവണപുത്രിയാണ്. 'രാവണ പുത്രീവാദ'മുന്നയിക്കുന്ന രാമായണ പാഠങ്ങളിലെ ഇതിവൃത്തം ഇങ്ങനെ സംഗ്രഹിക്കാം: മണ്ഡോദരിയുടെ ശരീരലക്ഷണമനുസരിച്ച് ഒന്നാമത്തെ സന്താനം രാവണന്റെ കുലത്തെ നശിപ്പിക്കുമെന്ന് ലങ്കയിലെ ജ്ഞാനികൾ അറിയിച്ചു. മണ്ഡോദരിയുടെ സൗന്ദര്യത്തിൽ മ

ല്ല; മണ്ഡോദരിയെ രാവണൻ വിവാഹം ചെയ്തു. വിവാഹാനന്തരം ജ്ഞാനികൾ വരാൻപോകുന്ന അപകടത്തെപ്പറ്റി രാവണനെ വീണ്ടും വീണ്ടും ഉണർത്തി. രാവണൻ ഒരു കാര്യം സമ്മതിച്ചു, ഒന്നാമത്തെ കുട്ടിയെ ഉപേക്ഷിക്കാമെന്ന്! മണ്ഡോദരിക്ക് ഒന്നാമതായി പിറന്ന കുട്ടി പെണ്ണായിരുന്നു. വിവരമറിഞ്ഞ രാവണൻ കുട്ടിയെ രത്നങ്ങളോടൊപ്പം ഒരു പെട്ടിയിലടച്ച് ഉപേക്ഷിക്കുവാൻ മന്ത്രിയോട് കൽപിച്ചു. മന്ത്രി കുട്ടിയടങ്ങിയ പേടകം ജനകന്റെ വയലിൽ കൊണ്ടുപോയി വെച്ചു. ഈ ബാലികയെ ഒരു കർഷകൻ കലപ്പച്ചാലിൽ നിന്നും കിട്ടിയതാണെന്ന് അറിയിച്ചുകൊണ്ട് ജനകനെ ഏൽപ്പിച്ചു. സന്താന ഭാഗ്യം ഇല്ലാതിരുന്ന ജനകൻ കുട്ടിയെ ഭാര്യയായ ധാരണിയെ ഏൽപ്പിച്ചു. ഈ കഥാതന്തുവിനു നിരവധി പാഠാന്തരങ്ങൾ ഉണ്ട്. ടിബറ്റിലെയും കിഴക്കൻ തുർക്കിസ്ഥാനിലേയും കഥകളിൽ ഒരു പെട്ടിയിലാക്കി കുട്ടിയെ നദിയിൽ ഒഴുക്കുകയാണ് ചെയ്യുന്നത്. ഒഴുകിവന്ന സീതയെ ടിബറ്റൻ പാഠമനുസരിച്ച് ഒരു കൃഷിക്കാരനും കിഴക്കൻ തുർക്കിസ്ഥാനിലെ പാഠമനുസരിച്ച് ഒരു മഹർഷിയുമാണ് വളർത്തുന്നത്.

ബംഗാളിലെ പ്രസിദ്ധമായ, 'ചന്ദ്രബതി രാമായണ'മനുസരിച്ച് സീത മണ്ഡോദരിക്ക് ജനിച്ചവളാണ്. എന്നാൽ രാവണപുത്രിയല്ല. കഥ ഇങ്ങനെ: ഋഷിമാരുടെ രക്തം ഒരു പെട്ടിയിലാക്കി രാവണൻ സൂക്ഷിച്ചിരുന്നു. ദേവന്മാരുടെ അനശ്വരയില്ലാതാക്കുവാനുള്ള പാഷാണമായി ഇതുപയോഗിക്കാമെന്നും അങ്ങനെ തനിക്ക് ത്രൈലോകാധിപനായി വാഴാമെന്നുമായിരുന്നു രാവണന്റെ കണക്കുകൂട്ടൽ. സ്വർഗ്ഗലോകത്തുനിന്നും മോഷ്ടിച്ചു കൊണ്ടുവന്ന സ്ത്രീകളുമൊത്തായിരുന്നു അക്കാലത്ത് രാവണന്റെ വിളയാട്ടം. ഇത് കണ്ടും കേട്ടും മടുത്ത മണ്ഡോദരി വിഷം കഴിച്ചു മരിക്കുവാൻ തീരുമാനിച്ചു. രാവണൻ സൂക്ഷിച്ച ഋഷിമാരുടെ രക്തം വിഷത്തിനു പകരമായി മണ്ഡോദരി പാനം ചെയ്തു. പക്ഷെ, മരിച്ചില്ല; പകരം ഗർഭിണിയായി. മാസങ്ങൾ പിന്നിട്ടപ്പോൾ ഒരു മുട്ട പ്രസവിച്ചു. ലങ്കയിലെ ജ്ഞാനികൾ രാക്ഷസവംശത്തിന്റെ അന്തക വിത്താണ് ഈ മുട്ടയിലുള്ളതെന്ന് പ്രവചിച്ചു. അതിനാൽ അത് ഉടച്ചുകളയുവാൻ രാവണൻ തീ

[illegible]ച്ചില്ല. ഒരു സ്വർണ്ണ പേടകത്തി[illegible]ച്ച് അതിനെ കടലിലെറിയുകയാണ് അവൾ ചെയ്തത്. ബംഗാൾ ഉൾക്കടലിൽ ഒഴുകി നടന്ന പെട്ടി മാധബ് ജലിയ എന്ന ദരിദ്രനായ മുക്കുവൻ കണ്ടെടുത്തു. മാധവ്ജലിയയുടെ ഭാര്യയുടെ പേര് സത എന്നായിരുന്നു. അവൾ മുട്ടയെ ആരാധനാപൂർവ്വം നോക്കി; പൂജിച്ചു. അതിൽ ഒളിച്ചിരുന്ന ലക്ഷ്മി സതയെ അനുഗ്രഹിച്ചു. അവൾ സമ്പന്നരായി തീർന്നു. ഒരുനാൾ സതയ്ക്ക് ഒരു സ്വപ്നദർശനമുണ്ടായി. മുട്ട ജനകമഹാരാജാവിന് കാഴ്ചവെക്കണമെന്നായിരുന്നു അതിന്റെ ഉള്ളടക്കം. അതനുസരിച്ച് കൊട്ടാരത്തിലെത്തിയ സത ജനകനോട് ഒരു ആവശ്യം ഉന്നയിച്ചു. മുട്ടയിൽ നിന്നുണ്ടാകുന്ന കുഞ്ഞിന് തന്റെ പേരുപോലുള്ള 'സീത' എന്ന നാമം നൽകണമെന്നായിരുന്നു ആവശ്യം. രാജാവ് അത് അംഗീകരിച്ചു. അങ്ങനെ ജനകൻ മുട്ടയേയും പിന്നീട് മുട്ടയിൽനിന്ന് വിരിഞ്ഞ സീതയേയും സംരക്ഷിച്ചു വളർത്തി.

സീതമണ്ഡോദരിയുടെ മകളാണെങ്കിലും രാവണപുത്രിയല്ല എന്ന ചന്ദ്രബതീ രാമായണ പാഠത്തിന് നേർവിപരീതമായ കഥകളും കണ്ടുകിട്ടിയിട്ടുണ്ട്. രാമഗൗഡരും സഹായികളും ചേർന്നു ശേഖരിച്ച നാടോടിപ്പാട്ടുകാർ പാടിനടന്ന ഒരു കന്നട നാടോടിപ്പാട്ടിൽ സീത രാവണന്റെ മകളാണ്. എന്നാൽ സീതയെ ഗർഭം ധരിക്കുന്നത് മണ്ഡോദരിയല്ല, രാവണൻ തന്നെയാണ്! ശിവൻ നൽകിയ ദിവ്യമായ ഒരു മാമ്പഴം ആർത്തിയോടെ ഭക്ഷിച്ചതു നിമിത്തമാണ് രാവണൻ ഗർഭം ധരിക്കുന്നത്. രാവണന്റെ ഗർഭത്തിന്റെ ക്രമാനുഗതമായ വളർച്ച, ഒമ്പതു മാസത്തെ വേദനയുടെയും നാണക്കേടിന്റെയും അവസാനം വയറ്റാട്ടികളെ അമ്പരിപ്പിച്ചു കൊണ്ട് തുമ്മലിലൂടെ പുറത്തുവരുന്ന സീത തുടങ്ങിയ വിശദാംശങ്ങളെല്ലാം അതിലുണ്ട്. ഈ കഥയനുസരിച്ച് രാവണൻ സ്വന്തം പുത്രിയെ കാമിക്കുന്ന ദുഷ്ടനാണ്.

അത്ഭുത രാമായണത്തിലെ സീതാജനനവൃത്താന്തം, ചന്ദ്രബതി രാമായണകഥയുമായി ചില സാമ്യങ്ങൾ പങ്കുവെയ്ക്കുന്നുണ്ടെങ്കിലും പൂർണ്ണമായും യോജിക്കുന്നില്ല. സീതയുടെ ജനനം ഇങ്ങനെ: മഹാക്രൂരനായ രാവണൻ മുനിമാരെ ഉപദ്രവിക്കുക പതിവായിരുന്നു. വനത്തിൽ തപസ്സനുഷ്ഠിക്കുന്ന മഹർ

[illegible]

ടെ രക്തം അമ്പിൻ മുനയിൽ എടുത്ത് ഒരു കുടത്തിൽ സംഭരിച്ചുപോന്നു. ഗൃത്സമദൻ എന്ന മഹർഷി ലക്ഷ്മീസമാനയായ ഒരു പെൺകുട്ടിയെ ലഭിക്കുന്നതിനായി തപസ്സനുഷ്ഠിച്ചുകൊണ്ടിരുന്നു. അദ്ദേഹം ദർദാഗ്രം കൊണ്ട് പാലെടുത്ത് അത് മന്ത്രോച്ചാരണത്തോടു കൂടി ഒരു പാത്രത്തിൽ എല്ലാ ദിവസവും ശേഖരിച്ചു. ഒരു ദിവസം രാവണൻ ഗൃത്സമദന്റെ ആശ്രമത്തിൽ ചെന്ന് ആ പാൽപ്പാത്രം മോഷ്ടിച്ചു. അത് താൻ സംഭരിച്ചു വച്ചിരുന്ന രക്തത്തിലേക്കൊഴിച്ചു. ഈ മിശ്രിതം മണ്ഡോദരിക്കു കൊടുത്തു. ദിനംപ്രതി രാവണന്റെ സ്വഭാവം വഷളായികൊണ്ടിരുന്നു. പ്രജകളെ പോലെ മണ്ഡോദരിയും രാവണനെ വെറുത്തു. രാവണന്റെ പരസ്ത്രീകളുമായുള്ള ബന്ധം മണ്ഡോദരിയെ മാനസികമായി തകർത്തു, ഒരു ദിവസം മനോവിഷമം താങ്ങാനാവാതെ ആത്മാഹുതിക്ക് ശ്രമിച്ചു. അതിനായി വിഷമെന്നോണം മണ്ഡോദരി എടുത്തു കുടിച്ചത്, പാലും രക്തവും കലർന്ന ആ പാനീയമായിരുന്നു. എന്നാൽ മണ്ഡോദരി മരിച്ചില്ല; പകരം ഗർഭിണിയാവുകയാണുണ്ടായത്! അങ്ങനെ ജനിച്ചവളാണ് സീത.

പൂർവ്വജന്മത്തിൽ സീതയെ രാവണൻ അപമാനിച്ചതിന്റെ ഫലമായി രാവണനെ സീത ശപിച്ചതായി പറയുന്ന പാഠങ്ങളുണ്ട്. 'കൃത്തിവാസ രാമായണ'ത്തിൽ ഇങ്ങനെ കാണാം; കുശധ്വജ മഹർഷി വേദമന്ത്രങ്ങൾ ഉച്ചരിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തിന്റെ വായിൽ നിന്നും ഒരു കന്യകയുണ്ടായി. അവൾക്ക് കുശധ്വജൻ വേ

[illegible]

ഭനെന്നു പേരുള്ള ദൈത്യൻ കുശധ്വജനെ കൊന്നു. അനന്തരം വേദവതി തപസ്സുചെയ്യുന്നതിനായി പോയി. ഒരിക്കൽ തപസ്സുചെയ്യുന്ന വേദവതിയെ രാവണൻ കണ്ടു. അവളുടെ അംഗലാവണ്യത്തിൽ രാവണൻ കാമമോഹിതനായി. രാവണൻ അപമാനിക്കാൻ ശ്രമിച്ചപ്പോൾ അവൾ അഗ്നികുണ്ഡം തയ്യാറാക്കി അതിൽ പ്രവേശിച്ചു. ഒപ്പം രാവണനെ ഇങ്ങനെ ശപിച്ചു: "നിന്നെയും നിന്റെ കുലത്തേയും നശിപ്പിക്കുന്നതിന് വേണ്ടി ഞാൻ അയോനിജയായി വീണ്ടും ജന്മമെടുക്കും". അനന്തരം അവൾ സീതയായി ജന്മമെടുത്ത് രാവണനിഗ്രഹം നടത്തി.


ബലരാമദാസ രാമായണത്തിൽ മേൽക്കഥ അൽപംകൂടി വിസ്തരിച്ച് പറയുന്നുണ്ട്. അതിങ്ങനെയാണ്: അഗ്നിപ്രവേശം നടത്തിയ സ്ഥലത്ത് കുറച്ച് ദിവസങ്ങൾക്ക് ശേഷം രാവണൻ വന്നുനോക്കിയപ്പോൾ വേദവതിയുടെ ശരീരം ദഹിച്ചിട്ടില്ലെന്ന് മനസിലായി. രാവണൻ വേദവതിയുടെ ദഹിക്കാത്ത ശരീരം പുഷ്പകവിമാനത്തിൽ ലങ്കയിലേക്ക് കൊണ്ടുപോയി. മണ്ഡോദരിയോട് വേദവതിയുടെ മാംസം ഭക്ഷണത്തിനായി പാകം ചെയ്യുവാൻ കൽപ്പിച്ചു. നാരദമഹർഷി



യുടെ നിർദ്ദേശപ്രകാരം [illegible] വേറെ മാംസം പാകം ചെയ്യുകയും വേദവതിയെ സമുദ്രത്തിലൊഴുകുകയും ചെയ്തു. വരുണൻ അത് ജംബുദ്വീപിൽ എത്തിച്ചു. ജനകൻ അവിടെ ഉഴുതപ്പോൾ അവളെ സീതയുടെ രൂപത്തിൽ ലഭിച്ചു.

സീതയുടെ ജനനത്തെപ്പറ്റിയുള്ള 'ആനന്ദരാമായണത്തിലെ ഭാഷ്യം ' പുരാണിക് എൻസൈക്ലോപീഡിയ'യിൽ ഉദ്ധരിച്ചിട്ടുണ്ട്. കഥ ഇങ്ങനെ: പത്മാക്ഷൻ എന്ന രാജാവ് ലക്ഷ്മീദേവിയെ പുത്രീരൂപത്തിൽ ലഭിക്കുന്നതിന് വേണ്ടി മഹാവിഷ്ണുവിനെ തപസ്സുചെയ്തു. ഭഗവാൻ രാജാവിന്റെ ആഗ്രഹനിവൃത്തിക്കായി ഒരു മഹാലിംഗം നൽകി. അതിൽ നിന്ന് പത്മാക്ഷന് സുന്ദരിയായ ഒരു പെൺകുട്ടി ജനിച്ചു. കുട്ടിക്ക് പത്മ എന്നു നാമകരണം ചെയ്തു. പത്മ വിവാഹ പ്രായമെത്തിയപ്പോൾ പത്മാക്ഷൻ സ്വയംവരത്തിനുവേണ്ട സജ്ജീകരണങ്ങൾ ചെയ്തുതുടങ്ങി. നിശ്ചിതദിവസം രാക്ഷസന്മാർ കയറിവന്ന് സ്വയംവര മണ്ഡപവും മറ്റും തല്ലിത്തകർത്ത് നാമാവശേഷമാക്കി. പത്മാക്ഷനും മരണമടഞ്ഞു. ഈ ദുരന്താനന്തരം പത്മ അഗ്നിപ്രവേശം ചെയ്തു. ദൈത്യന്മാർ പത്മയെ അവിടെയെല്ലാം അന്വേഷിച്ചു. കണ്ടുകിട്ടാഴികയാൽ ഭഗ്നാശരായി മടങ്ങി. അന്നൊരിക്കൽ രാവണൻ വിമാനത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കെ പത്മയെ അഗ്നി കുണ്ഡത്തിൽ നിന്നും വെളിയിൽ വന്നിരിക്കുന്നതായി കണ്ടു. പത്മയുടെ രൂപലാവണ്യത്തിൽ ആകൃഷ്ടനായി തീർന്ന രാവണൻ ഉടൻ അവളുടെനേർക്കു തിരിഞ്ഞു. ഇതു കണ്ട് പത്മ ആത്മരക്ഷാർത്ഥം വീണ്ടും യജ്ഞകുണ്ഡത്തിലേക്കു ചാടി. രാവണൻ ഒട്ടും വൈകാതെ യജ്ഞകുണ്ഡം മുഴുവൻ പരിശോധന നടത്തി. ഒടുവിൽ പത്മയുടെ (സീതയുടെ) ജഡം അഞ്ചു രത്നങ്ങളുടെ രൂപത്തിൽ അവിടെ നിന്നു ലഭിച്ചു.

നിരാശനായ രാവണൻ ആ രത്നങ്ങൾ ഒരു പെട്ടിയിൽ ആടക്കം ചെയ്ത് ലങ്കയിലേക്കു കൊണ്ടുപോയി മണ്ഡോദരിയെ ഏൽപ്പിച്ചു. ഒരുദിവസം മണ്ഡോദരി ആ പെട്ടി തുറന്നു നോക്കിയപ്പോൾ പത്മ ഒരു കന്യകാരൂപത്തിൽ അതിൽ സ്ഥിതിചെയ്യുന്നുതായി കണ്ടു. പത്മാക്ഷന്റെ കുലത്തിനും രാജ്യത്തിനും നാശകാരിണിയായ ഇവളെ ഇവിടെ വച്ചിരിക്കുന്നത് ആശാസ്യമായിരിക്കയില്ലെന്നു കരുതി മണ്ഡോദരി രാവണനിൽ സമ്മർദം ചെലുത്തി ആ പേടകം അവിടെ നിന്നും വെളിയിൽ തള്ളുവാൻ നിർദ്ദേശിച്ചു. രാവണൻ ആ പെട്ടി രാജധാനിയിൽ നിന്ന് എടുപ്പിച്ച് മിഥിലയിൽ കൊണ്ടുപോയി കുഴിച്ചിട്ടു. പേടകം ഭദ്രമായി അടയ്ക്കുന്നതിനു മുമ്പായി പത്മ രാവണനെ ഇങ്ങനെ ശപിച്ചു. "ഞാൻ നിന്റേയും നിന്റെ വംശത്തെയും നശിപ്പിക്കുവാൻ വീണ്ടും ലങ്കയിൽ വരും."



ഒരു ദിവസം മിഥിലയിലെ ഒരു ബ്രാഹ്മണൻ ഭൂമി ഉഴുതുകൊണ്ടിരിക്കുമ്പോൾ ഈ പേടകം അദ്ദേഹത്തിനു കിട്ടി. അത് രാജധനമെന്നു കരുതി ബ്രാഹ്മണൻ ആ പേടകം ജനകമഹാരാജാവിനെ ഏൽപ്പിച്ചു. രാജാവ് അതിലിരുന്ന ശിശുവിനെ എടുത്തു വളർത്തി. കുട്ടിക്ക് സീത എന്നു പേരിട്ടു.

രാമായണ കഥയുടെ മൂലരൂപമെന്ന് ഡോ. വെബർ മുതൽ ദിനേശചന്ദ്രസേനൻ വരെയുള്ള നിരവധി രാമായണ ഗവേഷണ പണ്ഡിതന്മാർ അഭിപ്രായപ്പെട്ട 'ദശരഥ ജാതക' പ്രകാരം സീത ദശരഥന്റെ പുത്രിയാണ്. മണ്ഡോദരി ദശരഥന്റെ പത്നിയും. 'ദശരഥ ജാതക'ത്തിൽ ഇങ്ങനെ പറയുന്നു: ദശരഥന്റെ പട്ടമഹർഷിയായിരുന്നു മണ്ഡോദരി. ലോകൈകസുന്ദരിയായിരുന്നു അവൾ. രാവണൻ ഈ വിവരമറിയുകയും ദശരഥന്റെ അടുത്തെത്തി മണ്ഡോദരിയെ ആവശ്യപ്പെടുകയും ചെയ്തു. മണ്ഡോദരി, അവളുടെ ഭർത്താവ് അവളെ നൽകുന്നതിന് ഒരുങ്ങുന്നത് അറിഞ്ഞ് സ്വഭവനത്തിലേക്ക് പോകുകയും മന്ത്രത്തിലൂടെ മറ്റൊരു മണ്ഡോദരിയെ സൃഷ്ടിക്കുകയും ചെയ്തു. രാവണൻ അവളെ കൊണ്ടുപോയി. പിന്നീട് യഥാർത്ഥ മണ്ഡോദരിയിൽ നിന്നും നടന്ന കാര്യങ്ങൾ കേട്ട് ദശരഥൻ പരിഭ്രമിച്ചു. ഈ പുതുമണ്ഡോദരി അക്ഷതയോനിയാണ്. അതുകൊണ്ട് രാവണനു ചതിവ് മനസിലാവും. അനന്തരം ദശരഥൻ ലങ്കയിൽ പോവുകയും ഒളിഞ്ഞിരുന്നു പുതിയ മണ്ഡോദരിയെ സന്ദർശിക്കുകയും ചെയ്തു. അതിനുശേഷം രാവണന്റെയും മണ്ഡോദരിയുടേയും വിവാഹം ആഘോഷിക്കപ്പെടുകയും മണ്ഡോദരിക്ക് ഒരു പുത്രി ജനിക്കുകയും ചെയ്തു. ജാതക പ്രകാരം ഈ കുട്ടിയുടെ ഭർത്താവ് രാവണനെ വധിക്കുന്നവനായിരിക്കുമെന്ന് മനസിലായി. അതുകൊണ്ട് കുട്ടിയെ പെട്ടിയിലടച്ച് സമുദ്രത്തിൽ എറിഞ്ഞു. പിന്നീട് കലി മഹർഷി (ഈ മഹർഷിയെ ജാവയിലെ സേരത്ത് കാണ്ഡത്തിൽ ഋഷികലൻ എന്നു കാണാം) ലഭിക്കുകയും അദ്ദേഹം അവളെ വളർത്തുകയും ചെയ്തു.

സീത ആരായിരുന്നു എന്ന ചോദ്യത്തിന് നിരവധി ഉത്തരങ്ങളാണുള്ളത്. ഏറ്റവും പ്രാചീന സാഹിത്യങ്ങളിൽ ഒന്നായ *ഋഗ്വേദ*ത്തിൽ സീത കൃഷിയുടെ അധിഷ്ഠാന ദേവതയാണ്. സീത എന്ന പദത്തിനർത്ഥം 'കലപ്പച്ചാൽ' എന്നാണ്. കലപ്പച്ചാലിന് കൃഷിയിലുള്ള സ്ഥാനം എടുത്തുപറയേണ്ടതില്ലല്ലോ. *ഋഗ്വേദ*ത്തിലെ പ്രസിദ്ധമായ രണ്ടു ഛന്ദസ്സുകളിലെ പ്രാർത്ഥനയുടെ ആശയ പരിഭാഷ ഇങ്ങനെയാണ്.

"അല്ലയോ സൗഭാഗ്യവതീ! (ദയാദൃഷ്ടിയോടുകൂടി) ഞങ്ങൾക്ക് അഭിമുഖമായിരിക്കൂ. അല്ലയോ സീതേ! ഭവതിയെ ഞങ്ങൾ നമസ്കരിക്കുന്നു. ഭവതി ഞങ്ങൾക്ക് നല്ല ധനവും ഫലവും പ്രദാനം ചെയ്യുന്നവളായിരിക്കൂ"

"ഇന്ദ്രൻ സീതയെ ഗ്രഹിക്കട്ടെ. പൂഷാ (സൂര്യൻ) അതിനെ പ്രവർത്തിപ്പിക്കട്ടെ. അത് വെള്ളം

കൊണ്ട് നിറഞ്ഞ് (സീതാ) ഓരോ വർഷവും നമുക്ക് (ധ്യാനം) പ്രദാനം ചെയ്തുകൊണ്ടിരിക്കട്ടെ".

*ഋഗ്വേദ*ത്തിലെ മേൽ സൂക്തങ്ങൾക്ക് സമാനമായ സൂക്തങ്ങൾ അഥർവ്വ വേദത്തിലും കാണാം. തൈത്തീരിയ സംഹിത (4, 2, 5, 5–6)യിൽ സീതയെ ഇങ്ങനെ സ്തുതിച്ചു പ്രാർഥിക്കുന്നു: "അല്ലയോ കാമധേനുവായ സീതേ! മിത്രൻ, വരുണൻ, ഇന്ദ്രൻ, ആശ്വിനൻ, പൂഷണൻ പ്രജകൾ, ഔഷധികൾ ഇവയുടെയെല്ലാം മനോരഥം പൂർണ്ണമാക്കുക. നെയ്യിലും തേനിലും മുഴുകിയ സീത വിശ്വദേവതകളാലും മരുത്തുകളാലും അനുമോദിത(രക്ഷിത)യായിരിക്കട്ടെ. അല്ലയോ സീതേ! ഓജസ്വിനിയും നെയ്യുകൊണ്ട് അഭിഷിക്തയുമായ ഭവതി ജലത്തോടുകൂടി (പാൽ) ഞങ്ങളുടെ സമീപം വിരാജിച്ചാലും."

സീതയെ കൃഷിയുമായി ബന്ധിപ്പിക്കുന്ന നിരവധി പരാമർശങ്ങൾ പൗരാണിക ഭാരതീയ സാഹത്യ കൃതികളിലുണ്ട്. ''ബൗദ്ധ മഹാഅഭിധർമ്മവിഭാഷയുടെ ചീനാഭാഷയിലുള്ള വിവർത്തനത്തിൽ ഇങ്ങനെ രേഖപ്പെടുത്തിയതായി കാമിൽ ബുൽക്കെ തന്റെ '*രാമകഥ*'യിൽ പറയുന്നു: "വിത്തു വിതച്ചിട്ട്, ശരത്കാലത്തിൽ ധാരാളമായി ധാന്യം ലഭിക്കുമ്പോൾ കൃഷിക്കാർ പറയുന്നു, ഇത്(സസ്യം) ശ്രീ, സീത, സമാ എന്നീ ദേവതകളുടെ വരദാനമാണ്."


സീത മഹാലക്ഷ്മിയുടെ അവതാരമാണെന്ന പരാമർശം പല പുരാണകൃതികളിലും കാണാവുന്നതാണ്. സീത മാത്രമല്ല, പാഞ്ചാലി, വേദവതി, തുടങ്ങിയവരും മഹാലക്ഷ്മിയുടെ അവതാരങ്ങളാണ്. ഇവർക്കെല്ലാം കൃത്യമായ അവതാര ലക്ഷ്യങ്ങളുമുണ്ട്.

സീത ശ്രീരാമന്റെ ഭാര്യയാണെന്ന പ്രബല പാഠവുമായി ബന്ധപ്പെട്ട പാഠാന്തരങ്ങൾ കൗതുകകരമാണ്. കിഴക്കെ തുർക്കിസ്ഥാനിലെ (ഖോത്താൻ) രാമകഥാപാഠം അനുസരിച്ച് രാമനും ലക്ഷ്മണനും സീതയുടെ ഭർത്താക്കന്മാരാണ്. വനവാസകാലത്താണ് ഈ വിവാഹങ്ങൾ നടക്കുന്നത്. രസകരമായ കാര്യം, ഖോത്താനീ രാമായണത്തിൽ വനവാസത്തിനുള്ള കാരണം പറയുന്നില്ല എന്നതാണ്. ഖോത്താൻ ബഹുഭർതൃത്വം നിലനിൽക്കുന്ന പ്രദേശമാണ്. ഈ സമ്പ്രദായത്തിനുള്ള സാധൂകരണമായി സീതയുടെ ബഹുഭർതൃത്വത്തെ കൂട്ടുപിടിക്കുന്നു.

രാമനും സീതയും സഹോദരീ സഹോദരന്മാരായിരുന്നെന്നും രാമൻ വിവാഹം ചെയ്തത് സഹോദരിയെ തന്നെയാണെന്നുമുള്ള ബൗദ്ധ രാമായണകഥ ഏറെ സംവാദങ്ങൾക്ക് ഇടയാക്കിയിട്ടുള്ളതാണ്. *"പാലീ ജാതക കട്ഠ വർണ്ണന"*യിലുള്ള ദശരഥ ജാതകത്തിലെ രാമകഥയുടെ ചുരുക്കം കാമിൽ ബുൽക്കെ തന്റെ *"രാമകഥ"*യിൽ ഉദ്ധരിച്ചിട്ടുണ്ട്. ഇതുപ്രകാരം ദശരഥമഹാരാജാവ് വാരാണസിയിലെ രാജാവാണ്. കഥ ഇങ്ങനെയാണ്:

ദശരഥമഹാരാജാവ് വാരാണസിയിൽ നീതിപൂർവ്വം ഭരണം നടത്തിക്കൊണ്ടിരുന്നു. ഇദ്ദേഹത്തിന്റെ പട്ടമഹർഷിക്ക് മൂന്നു സന്താനങ്ങളുണ്ടായിരുന്നു- രണ്ടു പുത്രന്മാരും (രാമപണ്ഡിതനും ലക്ഷ്മണനും) ഒരു പുത്രിയും (സീതദേവി). ഭാര്യമാരുടെ മരണാനന്തരം രാജാവ് മറ്റൊരു ഭാര്യയെ പട്ടമഹർഷിയുടെ സ്ഥാനത്ത് നിയോഗിച്ചു.

സീത ആരായിരുന്നു എന്ന ചോദ്യത്തിന് നിരവധി ഉത്തരങ്ങളാണുള്ളത്. ഏറ്റവും പ്രാചീന സാഹിത്യങ്ങളിൽ ഒന്നായ *ഋഗ്വേദ*ത്തിൽ സീത കൃഷിയുടെ അധിഷ്ഠാന ദേവതയാണ്. സീത എന്ന പദത്തിനർത്ഥം 'കലപ്പച്ചാൽ' എന്നാണ്. കലപ്പച്ചാലിന് കൃഷിയിലുള്ള സ്ഥാനം എടുത്തുപറയേണ്ടതില്ലല്ലോ



[illegible] ...രതകുമാരൻ). അപ്പോൾ രാജാവ് അവൾക്കൊരു വരം കൊടുത്തു. ഭരതന് ഏഴു വയസ്സായപ്പോൾ റാണി തന്റെ പുത്രനുവേണ്ടി രാജ്യം ആവശ്യപ്പെട്ടു. രാജാവ് ആ ആവശ്യം തള്ളിക്കളഞ്ഞു. എന്നാൽ പിന്നീടും റാണി ഇതിനുവേണ്ടി വീണ്ടും വീണ്ടും നിർബന്ധിക്കാൻ തുടങ്ങിയപ്പോൾ അവളുടെ ഗൂഢാലോചനയെ ഭയന്നിട്ട് തന്റെ രണ്ടുപുത്രന്മാരെയും വിളിച്ചുപറഞ്ഞു: ''ഇവിടെ താമസിക്കുന്നതുകൊണ്ട് നിങ്ങൾക്ക് അനർത്ഥം സംഭവിച്ചേക്കാം. ഏതെങ്കിലും അന്യരാജ്യത്തിലോ അല്ലെങ്കിൽ വനത്തിലോ പോയി താമസിക്കുവിൻ. എന്റെ മരണശേഷം മടങ്ങിവന്ന് രാജാധികാരം സമ്പാദിച്ചുകൊള്ളുക.'' രാജാവ് ജ്യോത്സ്യന്മാരെ വിളിച്ച് അവരോട് തന്റെ മരണസമയം അന്വഷിച്ചു. പന്ത്രണ്ടു വർഷത്തിനു ശേഷമാണെന്ന് മറുപടി കിട്ടിയപ്പോൾ അദ്ദേഹം പറഞ്ഞു: ''പുത്രന്മാരെ, പന്ത്രണ്ടുവർഷത്തിനുശേഷം മടങ്ങിവന്ന് രാജകിരീടം വഹിച്ചുകൊള്ളുക.'' പിതാവിനെ നമസ്കരിച്ച് രണ്ടു സഹോദരന്മാരും പോകാനൊരുങ്ങിയപ്പോൾ സീതയും അവരോടൊന്നിച്ചു പോയി. മൂവരുടേയും കൂടെ ധാരാളം മറ്റാളുകളും പുറപ്പെട്ടു. അവരെയെല്ലാം തിരിച്ചയച്ചിട്ട് മൂന്നുപേരും ഹിമാലയത്തിലെത്തിച്ചേരുകയും അവിടെ ആശ്രമമുണ്ടാക്കി താമസിക്കാൻ തുടങ്ങുകയും ചെയ്തു.

ഒൻപതു വർഷത്തിനുശേഷം ദശരഥൻ പുത്രശോകംകൊണ്ട് മരിച്ചു. അമാത്യന്മാരും ഭരതനും എതിർത്തതുകൊണ്ട് റാണി ഭരതനെ രാജാവാക്കുന്നതിന് നടത്തിയ ശ്രമം വിഫലമായി. അപ്പോൾ ഭരതൻ രാമനെ കൊണ്ടുവരുന്നതിനുവേണ്ടി ചതുരംഗസേനയുമായി വനത്തിലേക്കു പോയി. ആശ്രമസമീപം സേനയെ നിർത്തിയിട്ട് ഭരതൻ ചില അമാതൃരോടൊന്നിച്ച് രാമന്റെ അടുത്ത് എത്തിച്ചേരുന്നു. ആ സമയം രാമൻ ഒറ്റയ്ക്കാണ്. അദ്ദേഹത്തോട് പിതാവിന്റെ മരണവൃത്താന്തം മുഴുവൻ പറഞ്ഞ് ഭരതൻ കരയാൻ തുടങ്ങി. രാമപണ്ഡിതൻ ശോകം പ്രകടിപ്പിക്കുന്നുമില്ല; കരയുന്നുമില്ല.സന്ധ്യാസമയത്ത് ലക്ഷ്മണനും സീതയും മടങ്ങിവരുന്നു. പിതാവിന്റെ ചരമവാർത്ത കേട്ട് രണ്ടുപേരും വളരെ ദുഃഖിക്കുന്നു. അപ്പോൾ രാമപണ്ഡിതൻ അവരെ ധൈര്യപ്പെടുത്തുന്നതിനുവേണ്ടി അനിത്യതയെപ്പറ്റിയുള്ള ധർമ്മോപ

[illegible] അതുകേട്ട എല്ലാ[illegible] ദുഃഖം ശമിക്കുന്നു.

അനന്തരം ഭരതൻ വളരെ നിർബന്ധിച്ചിട്ടും രാമപണ്ഡിതൻ ഇങ്ങനെ പറഞ്ഞു കൊണ്ട് വനത്തിൽ താമസിക്കുന്നതിനുള്ള തീരുമാനം പ്രകടിപ്പിക്കുന്നു: "എന്റെ പിതാവ് പന്ത്രണ്ടുവർഷത്തിനുശേഷം രാജ്യം ഭരിക്കുന്നതിനാണ് എന്നോട് ആജ്ഞാപിച്ചിരിക്കുന്നത്. ഇപ്പോൾ തിരിച്ചുവന്നാൽ എനിക്ക് അദ്ദേഹത്തിന്റെ ആജ്ഞ പാലിക്കാൻ സാധിക്കാതെ വരും. ഞാൻ മൂന്നു വർഷത്തിനുശേഷം മടങ്ങി വന്നുകൊള്ളാം."

ഭരതനും ഭരണാധികാരം സ്വീകരിക്കാതിരുന്നപ്പോൾ രാമപണ്ഡിതൻ തന്റെ തൃണപാദുകങ്ങൾ കൊടുത്തിട്ട് പറയുന്നു: "ഞാൻ വരുന്നതുവരെ ഇവ ഭരണം നടത്തും."

പാദുകങ്ങളും എടുത്തുകൊണ്ട് ഭരതനും ലക്ഷ്മണനും സീതയും മറ്റുള്ളവരോടൊന്നിച്ച് വാരാണാസിയിലേക്കു മടങ്ങി. അമാത്യർ ഈ പാദുകങ്ങൾക്കു മുന്നിൽ രാജ്യകാര്യങ്ങൾ നിർവ്വഹിച്ചു. അന്യായം നടക്കുമ്പോഴെല്ലാം പാദുകങ്ങൾ പരസ്പരം കൂട്ടിമുട്ടും. ശരിയായ തീരുമാനമെടുക്കുമ്പോൾ അവ ശാന്തമായിരിക്കും. മൂന്നുവർഷം കഴിഞ്ഞപ്പോൾ രാമപണ്ഡിതൻ തിരിച്ചെത്തി തന്റെ സഹോദരിയായ സീതയെ വിവാഹം കഴിച്ചു. പതിനാറായിരം വർഷംവരെ നീതിപൂർവ്വം രാജ്യം ഭരിച്ചതിനുശേഷം അവർ സ്വർഗ്ഗം പ്രാപിക്കുന്നു.

കഥ പറഞ്ഞശേഷം മഹാത്മാബുദ്ധൻ ജാതകത്തിന്റെ യുക്തിയുക്തത ഇങ്ങനെ സ്ഥാപിക്കുന്നു: അക്കാലത്ത് ശുദ്ധോദന മഹാരാജാവ് ദശരഥമഹാരാജാവായിരുന്നു. മഹാമായ (ബുദ്ധന്റെ മാതാവ്) രാമന്റെ മാതാവും, യശോധര (രാഹുലന്റെ അമ്മ) സീതയും, ആനന്ദൻ ഭരതനും ഞാൻ രാമപണ്ഡിതനുമായിരുന്നു(രാമകഥ: പുറം: 75, 76)

(രാമൻ സഹോദരിയായ സീതയെ വിവാഹം ചെയ്തു എന്ന ബൗദ്ധ രാമകഥാപാഠം, 1992–ൽ സഹ്മദി'ന്റെ നേതൃത്വ(കെ.എൻ. പണിക്കർ, ശബ്നം ഹഷ്മി എന്നിവരുടെ സംഘാടകത്വത്തിൽ)ത്തിൽ ദില്ലിയിൽ വിവിധ രാമായണങ്ങളുടെ പ്രദർശനം നടത്തിയ വേളയിൽ പ്രദർശിപ്പിച്ചതു കാരണം ആർ.എസ്.എസുകാർ പ്രദർശനഹാൾ കയ്യേറുകയുണ്ടായി)

നാടോടി വാമൊഴി രാമായണകഥകളിൽ സീതയെപ്പറ്റി വരമൊഴി പാഠങ്ങളിലല്ലാത്ത നിരവധി കഥകൾ കാണാം. വയനാടു ജില്ലയിലെ അടിയ ആദിവാസി സമുദായത്തിനിടയിൽ നിലനിൽക്കുന്ന രാമകഥാപാഠമനുസരിച്ച് കുട്ടയും വട്ടിയുമെടുത്ത് കുന്നും മലയും കയറിയിറങ്ങി വരുന്ന സീതയെയാണ് രാമൻ കാണുകയും പ്രേമിക്കുകയും ചെയ്യുന്നത്. പക്ഷേ, വഴിയിൽവെച്ച് കണ്ടുമുട്ടിയ രാവണനുമായി സീത സ്നേഹത്തിലാവുകയും രാവണൻ സീതയെ പ്രണയപൂർവ്വം ലങ്കയിലേക്ക് കൊണ്ടുപോവുകയുമാണ് ചെയ്യുന്നത്. കാളവണ്ടിയിലാണ് യാത്ര. പന്ത്രണ്ടുകൊല്ലം തന്റെ ഉടുപ്പിലോ ദേഹത്തോ തൊടാൻ പാടില്ല എന്ന ചട്ടപ്രകാരമാണ് സീത ലങ്കയിൽ താമസിച്ചത്. ലങ്കയിൽ താമസിക്കുമ്പോൾ സീത രാമന്റെ ഭാര്യയല്ല. ഹനുമാന്റെ ലങ്കാദഹനത്തിന്റെ കാരണം തന്നെ സീതയ്ക്കറിയില്ല. (വയനാടൻ രാമായണം പു. 21–35) ഇത് മിക്കവാറും എല്ലാ ആദിവാസി രാമായണങ്ങളുടേയും സ്വഭാവമാണെന്ന് കെ എൻ പണിക്കർ നിരീക്ഷിക്കുന്നു.

വാല്മീകി രാമായണമനുസരിച്ച്, സീതയ്ക്ക് ലവൻ, കുശൻ എന്നിങ്ങനെ രണ്ടുമക്കളാണുള്ളത്. എന്നാൽ ഇൻഡോനേഷ്യയിലെ 'ഹികായത് സേരീരാമ'നുസരിച്ച് ഹനുമാൻ സീതയുടേയും രാമന്റേയും പുത്രനാണ്. 'ഹികായത് സേരീരാമി'ലെ കഥയുടെ രത്നചുരുക്കം ഇങ്ങനെയാണ്: വനവാസകാലത്ത് രാമനും സംഘവും ഒരു സ്ഥലത്തെത്തിച്ചേർന്നു. അവിടെ രണ്ടു സരോവരങ്ങൾ ഉണ്ടായിരുന്നു. ഒരു സരോവരത്തിൽ ശുദ്ധജലവും മറ്റേതിൽ മലിന ജലവും. ശുദ്ധജല സരോവരത്തിൽ കുളിക്കുന്നയാൾ വാനര രൂപം ധരിക്കുകയും മലിന ജലത്തിൽ കുളിച്ചാൽ പഴയ മനുഷ്യരൂപം തിരിച്ചുകിട്ടുമെന്നും ഒരു മഹർഷി ലക്ഷ്മണനോട് പറഞ്ഞിരുന്നു. ലക്ഷ്മണന്റെ മുന്നറിയിപ്പ് വകവെയ്ക്കാതെ രാമനും സീതയും ശുദ്ധജലത്തിൽ കുളിക്കാനിറങ്ങി. അൽപസമയത്തിനുള്ളിൽ രാമനും സീതയും വാനരരൂപത്തിൽ കരയ്ക്കുകയറി വൃക്ഷങ്ങളിലേക്ക് ചാടിക്കയറി; അവർ സംഭോഗത്തിൽ ഏർപ്പെട്ടു. തൽഫലമായി സീത ഗർഭിണിയായി. വളരെ ബുദ്ധിമുട്ടിയെങ്കിലും ലക്ഷ്മണൻ ഇരുവരേയും പിടിച്ചെടുത്ത് മലിന സരസ്സിൽ മുക്കി. അങ്ങനെ നഷ്ടപ്പെട്ട മനുഷ്യരൂപം തിരിച്ചുകിട്ടി. അനന്തരം രാമൻ സീതയുടെ ഭ്രൂണം പുറത്തെടുക്കുകയും വായു അത് സൂചിമുനയിൽ നില്ക്കുന്ന അഞ്ജനിയുടെ വായിൽ (ഗൗതമമഹർഷി തന്റെ പുത്രിയായ അഞ്ജനിയെ നൂറുവർഷം സമുദ്രമധ്യത്തിൽ സൂചിമുനയിൽ തലകുത്തി നില്ക്കുന്നതിന് ശപിച്ചിരുന്നതായി സേരിരാമിൽ പറയുന്നു) സ്ഥാപിക്കുകയും ചെയ്തു. പിന്നീട് അഞ്ജനി കുണ്ഡലങ്ങൾകൊണ്ട് അലങ്കരിച്ച ഹനുമാനെ പ്രസവിച്ചു' (രാമകഥ: 629 – 630)

ഗുണഭദ്രൻ രചിച്ച *ഉത്തരപുരാണ*മനുസരിച്ച് ലങ്കയിൽനിന്ന് അയോദ്ധ്യയിലേക്ക് മടങ്ങിയശേഷം സീതയ്ക്ക് എട്ട് പുത്രന്മാർ ജനിക്കുന്നുണ്ട്. രസകരമായകാര്യം, ഒരു രാമകഥയിലും സീതയ്ക്ക് പെൺകുട്ടി ജനിക്കുന്നില്ല എന്നതാണ്.

സീതയുമായി ബന്ധപ്പെട്ട ഏറ്റവും കൂടുതൽ ഭിന്നകഥകൾ ഉള്ള ഒരു രംഗം സീതാത്യാഗമാണ്. ലോകപവാദം, രജകന്റെ കഥ, രാവണന്റെ ചിത്രം, ശുക്രന്റെ ശാപം, താരയുടെ ശാപം ,ഭൃഗുവിന്റെ ശാപം തുടങ്ങി ഇരുപതിലേറെ കഥകൾ ഇതുമായി ബന്ധപ്പെട്ട് നിരത്തുവാനാകും. അങ്ങനെയൊരു സംഭവമേ നടന്നിട്ടില്ല എന്ന രാമായണ പാഠങ്ങളുമുണ്ട്. രാവണൻ സീതയെ തട്ടികൊണ്ടുപോയ കഥയ്ക്കും പാഠഭേദങ്ങൾ അനവധിയാണ്.

നാടോടിപ്പാട്ടുകാർക്ക് ഏറെ ഇഷ്ടപ്പെട്ട കഥാപാത്രം സീതയാണ്. സ്ത്രീലോകത്തിന്റെ പ്രതിനിധിയാണ് സീത. സ്ത്രൈണാനുഭവങ്ങളുടെ താളങ്ങളും നെടുവീർപ്പുകളും വികാരങ്ങളുമെല്ലാം സീതയിൽ പ്രതിഫലിക്കുന്നു. വാല്മീകി പറയാതെ പോയ പലതും നാടോടിപ്പാട്ടുകളിൽ ആവിഷ്കൃതമാവുന്നതായി കാണാം.

തെലുങ്ക് വാമൊഴിപ്പാരമ്പര്യത്തിൽ, മേൽച്ചേരു നാരായണ റാവു രാമായണത്തെക്കുറിച്ച് നടത്തിയ പഠനം ശ്രദ്ധേയമാണ്. സ്ത്രൈണാനുഭവങ്ങളുടേയും താൽപര്യങ്ങളുടേയും വിഷയങ്ങൾ നാടോടിപ്പാട്ടുകളിൽ എത്ര സമർത്ഥമായി പ്രതിധ്വനിക്കുന്നു എന്ന് സീതയെ മുൻനിർത്തി അദ്ദേഹം കാണിച്ചുതരുന്നു.

കേരളത്തിലെ ദലിത്– ആദിവാസി വിഭാഗങ്ങൾക്കിടയിൽ നിലനില്ക്കുന്ന രാമായണ വാമൊഴിപാഠങ്ങളിൽ സീതയ്ക്കുള്ള സ്ഥാനം മറ്റൊരു രാമായണ കഥാപാത്രത്തിനും ലഭിച്ചിട്ടില്ല. സീതയുമായി ബന്ധപ്പെട്ട സ്ഥലനാമങ്ങൾ, പ്രകൃതി പ്രതിഭാസങ്ങൾ (ഉദാഹരണം: സീതാതടാകം, കണ്ണീർതടാകം, സീത ഭൂമിയിൽ താണ സ്ഥലങ്ങൾ) എന്നിവയൊക്കെ അസംഖ്യമാണ്.

കേരളത്തിലങ്ങോളമിങ്ങോളമുള്ള ഇതിഹാസ കഥകളുടെ വ്യാപകത അതിവിപുലമാണ്. പൊന്നാനിയിലെ പാടങ്ങളിൽ നെൽകതിർ എന്നപോലെ രാമായണകഥകളും വിളയുന്ന രംഗത്തെപ്പറ്റി എം. ഗോവിന്ദൻ എഴുതിയ വരികൾ, കേരളത്തിലെന്നപോലെ ഇന്ത്യയിലെ മറ്റുഗ്രാമങ്ങൾക്കും അനുയോജ്യമാണ്.

"ഓരോരോ കരിച്ചാലിരോരോ നുരിക്കൂമ്പിൽ
ഓരോരോ ചിരുതയുണ്ടിരിപ്പൂ ചിരിചൂടി
ജനകന്മാരും കൂടെപ്പാടുന്നു രാമന്മാരും
ജനകീയമീ മഞ്ജുമൈഥിലീ മഹാകാവ്യം."■